31/01/2026

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/01/2026

1. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഴവർഗ്ഗ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള കാമ്പയിൻ 2026 ഫെബ്രുവരി മുതൽ ആരംഭിക്കുന്നു. 14 ജില്ലകളിലുമായി 4500 പഴവർഗ്ഗ പോഷകത്തോട്ട യൂണിറ്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. സംസ്ഥാന കൃഷിവകുപ്പിന്റെ "പോഷക സമൃദ്ധി മിഷന്റെ ഭാഗമായി, ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കി വരുന്ന "രാഷ്ട്രീയ കൃഷിവികാസ് യോജന പഴവർഗ പോഷകതോട്ട പദ്ധതി"യിൽ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. പ്രകൃതിയോടും കൃഷിയോടും സംസ്കാരത്തോടും വിദ്യാർത്ഥികളെ ചേർത്തു നിർത്തുന്നതിനുള്ള പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. കുറഞ്ഞത് 10 സെന്റ് കൃഷിഭൂമിയെങ്കിലും ലഭ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പദ്ധതിയിലേക്ക് തെരഞ്ഞെടുക്കും. ഒരു സ്ഥാപനത്തിനു പരമാവധി 5 യൂണിറ്റുകൾ വരെ (50 സെന്റ്) അനുവദിക്കും. മാവ്, പ്ലാവ്, പപ്പായ, പേര, നെല്ലി, സപ്പോട്ട, റംബൂട്ടാൻ പാഷൻ ഫ്രൂട്ട്, നാരകം, വെസ്റ്റ് ഇന്ത്യൻ

ചെറി, തുടങ്ങി ഓരോ പ്രദേശത്തിനും അനുയോജ്യമായ പഴവർഗ ഇനങ്ങൾ പോഷകത്തോട്ടങ്ങളിൽ ഉൾപ്പെടുത്തും. ഇതിനാവശ്യമായി വരുന്ന പഴവർഗ തൈകൾ സൗജന്യമായി വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ ഹോർട്ടിക്കൾച്ചർ മിഷനുമായോ കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്.

2. ഭാരതീയ പ്രകൃതി കൃഷി പദ്ധതി (BPKP) യോട് അനുബന്ധിച്ച് വാമനപുരം ബ്ലോക്കിലെ പട്ടിക വർഗ്ഗ കർഷകരെ ഉൾപെടുത്തിയുള്ള കിസാൻമേള നന്ദിയോട് ഗ്രീൻ ഓഡിറ്റോറിയത്തിൽ ഇന്ന് (31.01.2026 ന്) രാവിലെ 9.30 മുതൽ 5 മണി വരെ നടക്കുന്നു. ഇതോടനുബന്ധിച്ച് കാർഷിക സെമിനാർ, കാർഷിക പ്രദർശനം, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു.

## പരിശീലന പരിപാടി

3. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 04 മുതൽ 06 വരെ ക്ഷീര സഹകരണ സംഘം ലാബ് അസിസ്റ്റന്റ് മാർക്കുള്ള പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 – ഫെബ്രുവരി 03-ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം 695004, Email ID:principaldtctvm@gmail.com

4. കൊല്ലം ജില്ലയിലെ കൊട്ടിയം മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 3 ന് രാവിലെ 10 മുതൽ വൈകിട്ട് 5 വരെ നാടൻപശു പരിപാലനം, പാരമ്പര്യ മൃഗചികിത്സ" എന്നീ വിഷയങ്ങളിൽ ഒരു ഏകദിന നടത്തപ്പെടുന്നു. പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9447525485 എന്ന നമ്പരിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി 01/02/2026. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തവർക്ക് പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 5. കാർഷിക നിർദേശം

പയറിലെ ഇലപ്പേനിന്റെ ആക്രമണം നിയന്ത്രിക്കാൻ പാകമായ പയർ വിളവെടുത്തതിന് ശേഷം 3 ഗ്രാം ഫ്ലോണിക്കാമിഡ് 50 WG ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസംഇടവിട്ട്കൊടുക്കുക. രൂക്ഷമാണെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ അസാഡിറക്റ്റിൻ (3000 ppm) 5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം